# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്

## ( കിർടാഡ്സ്), കോഴിക്കോട് – 17

## 2014 – 2015 വർഷത്തെ ഭരണ റിപ്പോർട്ട്

വകുപ്പ് മന്ത്രിമാർ : കുമാരി . പി.കെ. ജയലക്ഷ്മി
(പട്ടികവർഗക്ഷേമ യുവജനകാര്യം, മ്യൂസിയവും മൃഗശാലയും)

: ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതിക്ഷേമവും, മറ്റു പിന്നോക്ക സമുദായവികസന, ടൂറിസം)

വകുപ്പ് സെക്രട്ടറി : ശ്രീ. സുബ്രതാ ബിശ്വാസ്, ഐ.എ.എസ്

ഡയറക്ടർ : ഡോ. ബിന്ദു.എസ്.

ഡെപ്യൂട്ടി ഡയറക്ടർ ( ആന്ത്രോപ്പോളജി ) : ശ്രീ. എ. മണിഭൂഷണൻ
(31.10.2014 വരെ)

ഡെപ്യൂട്ടി ഡയറക്ടർ ( ആന്ത്രോപ്പോളജി ) i/c : ശ്രീ. വി.എസ്. സുഭാഷ്
(1.11.2014 മുതൽ)

ഡെപ്യൂട്ടി ഡയറക്ടർ ( ട്രെയിനിംഗ് ) - i/c : ശ്രീമതി. മിനി. പി.വി.
(14.12.14 വരെ)
ഡോ. പ്രദീപ്കുമാർ. കെ.എസ്.
(15.12.14 മുതൽ)

ഡെപ്യൂട്ടി ഡയറക്ടർ (ഡവലപ്മെന്റ് സ്റ്റഡീസ്) i/c : ഡോ. പ്രദീപ്കുമാർ. കെ.എസ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ i/c : ശ്രീമതി. എം. ഷീല
(01.04.2014 മുതൽ 30.11.2014)

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ : ശ്രീ. മോഹനകുമാർ. എസ്
(01.12.2014 മുതൽ)

ഫൈനാൻസ് ആഫീസർ : ശ്രീമതി. എം. ഷീല
(01.02.2013 മുതൽ)

***

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്

## ( കിർടാഡ്സ്, കോഴിക്കോട് 17 )

## 2014 – 2015 വർഷത്തെ ഭരണ റിപ്പോർട്ട്

### 1. ആമുഖം

ഗവൺമെന്റ് ഉത്തരവ്(എം.എസ്) 44/എൽ ആന്റ് എസ്.ഡബ്ല്യൂ.ഡി.,1970 മാർച്ച് 7 – ാം തീയതി, തൊഴിൽ സാമൂഹ്യക്ഷേമ (സി) വകുപ്പ് പ്രകാരം ഹരിജനക്ഷേമ വകുപ്പിന്റെ കീഴിൽ 1970 മാർച്ച് മാസത്തിൽ ട്രൈബൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ എന്ന പേരിൽ ഈ സ്ഥാപനം രൂപീകരിക്കപ്പെട്ടു. തുടക്കത്തിൽ ഈ സ്ഥാപനത്തിന് ട്രെയിനിംഗ്, റിസർച്ച് എന്നീ രണ്ട് വിഭാഗങ്ങൾ ആണ് ഉണ്ടായിരുന്നത്. പിന്നീട് ഗിരിജനക്ഷേമ വകുപ്പിന്റെ രൂപീകരണത്തോട് കൂടി 1979 ഒക്ടോബർ ആദ്യം വരെ ഗിരിജന ക്ഷേമവകുപ്പിന്റെ ഭാഗമായും പ്രവർത്തിച്ചു. 1979 ഒക്ടോബറിൽ ഗവൺമെന്റ് ഉത്തരവ് (എം.എസ്) നം. 135/ 79/ ഡി.ഡി, തീയതി 23.10.1979 പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്) എന്ന പേരിൽ ഒരു പ്രത്യേക വകുപ്പായി പുന:സംഘടിപ്പിക്കപ്പെട്ടു. ഇതേതുടർന്ന് ഇതിന്റെ പ്രവർത്തനമേഖല പട്ടികജാതിക്കാരെക്കുറിച്ചുള്ള പഠനങ്ങളിലേക്ക്കൂടി വ്യാപിച്ചു. ഇതൊരു പ്രത്യേക വകുപ്പായി രൂപീകരിക്കുന്നതിന്നു മുൻപ് നൂറുശതമാനവും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യതയിലാണ് പ്രവർത്തിച്ചു പോന്നിരുന്നത്. പ്രത്യേക വകുപ്പായതിനു ശേഷം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50 : 50 എന്ന അനുപാത ക്രമത്തിലാണ് സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുത്ത് നടത്തിവരുന്നത്. ഈ സ്ഥാപനത്തിന്റെ തുടക്കം മുതൽ 1973 വരെ പ്രസിദ്ധ നരവംശ ശാസ്ത്രജ്ഞനായ ഡോ. എ. അയ്യപ്പനായിരുന്നു സ്പെഷ്യൽ ആഫീസർ എന്ന പേരിൽ സാരഥ്യം വഹിച്ചിരുന്നത്. പിന്നീട് വിവിധ കാലഘട്ടങ്ങളിലായി ഡോ. പി.ആർ.ജി.മാത്തൂർ, ശ്രീ. സി. ചന്ദ്രൻ, ഐ.എ.എസ്.,ശ്രീ. വി. അപ്പു, ഡോ.സത്യനാരായണ ദാഷ്,. ഐ.എ.എസ്, ശ്രീ. യു.കെ.എസ്. ചൗഹാൻ, ഐ.എ.എസ്, ഡോ. എൻ. വിശ്വനാഥൻ നായർ, ഡോ. പി.കെ. സുകുമാരൻ നായർ എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടർമാരായി പ്രവർത്തിച്ചു. 1. 5. 2003 മുതൽ മെയ് 2005 വരെ പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടർ ശ്രീ. ടി.ടി. ആന്റണി ഐ.എ.എസ്, ഈ വകുപ്പിന്റെ ഡയറക്ടറുടെ അധികചുമതല വഹിച്ചു. 3.6.2005 മുതൽ 5.12.2005 വരെ ഈ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ.വി.കെ. മോഹൻകുമാർ ഡയറക്ടറുടെ അധിക ചുമതല വഹിച്ചു. 6.12.2005 മുതൽ ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയിലെ നരവംശ ശാസ്ത്രജ്ഞനായ ഡോ.എം.

ശശികുമാർ ഈ വകുപ്പിന്റെ ഡയറക്ടറായി ചുമതല വഹിച്ചു. കൂടാതെ മുൻ വർഷങ്ങളിൽ ശ്രീ. ഇ. അയ്യപ്പൻ - ഐ.എ.എസ്സ്, ശ്രീ. പി.പി.ഗോപി- ഐ.എ.എസ്സ്, ശ്രീ. ശശിധര - ഐ.എ.എസ്സ്., ശ്രീ.എൻ. പ്രശാന്ത് -ഐ.എ.എസ്സ് ശ്രീമതി. എസ്. ലളിതാംബിക ഐ.എ.എസ്സ്, ശ്രീ. എ. മണിഭൂഷണൻ എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടറുടെ അധികചുമതല വഹിച്ചിരുന്നു. 23.11.2011 മുതൽ പി.എസ്.സി. അഡ്വൈസ് ചെയ്തതുപ്രകാരം ഡോ.ബിന്ദു.എസ് ഈ വകുപ്പിന്റെ ഡയറക്ടറുടെ ചുമതല ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നു.

- ഈ വകുപ്പിന്റെ ഘടന വ്യക്തമാക്കുന്ന ചാർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 2. വകുപ്പിന്റെ ഘടന

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇതരവകുപ്പുകളിൽ നിന്നും വ്യത്യസ്ത മായ ഒരുഘടനയാണ് ഈ വകുപ്പിനുള്ളത്. ഇതിന്റെ പ്രവർത്തനമേഖല സംസ്ഥാന വ്യാപക മാണെങ്കിലും ഇതര വകുപ്പുകൾക്കുള്ളതുപോലെ മേഖലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാന ത്തിലോ ഓഫീസുകൾ ഈ വകുപ്പിനില്ല. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും ആസ്ഥാനമായ കോഴിക്കോട് കേന്ദ്രമായാണ് നടത്തിവരുന്നത്.

ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ താഴേ ചേർത്തിരിക്കുന്ന പ്രകാരം അഞ്ചു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. ഭരണ നിർവ്വഹണ വിഭാഗം
2. ഗവേഷണ വിഭാഗം
3. പരിശീലന വിഭാഗം
4. വികസന പഠന വിഭാഗം
5. ആദികലാകേന്ദ്രം , മ്യൂസിയം & ലൈബ്രറി .

- ഈ വകുപ്പിന്റെ വെബ്സൈറ്റ് , ഫോൺ നമ്പർ , ഫാക്സ് നമ്പർ എന്നിവ താഴെ കൊടുക്കുന്നു.

വെബ് സൈറ്റ് : www.kirtads.kerala.gov.in

ഇ.മെയിൽ : kirtads@gmail.com

dirkirtads@gmail.com

ഫോൺ നം. 0495 – 2357329, 2356805 , ഫാക്സ് നം . 0495 – 2357329

വിജിലൻസ് ഓഫീസർ - 0495 - 2356821

മൊബൈൽ ഫോൺ( ഡയറക്ടർ ) നം. 9447767329

## 3. വകുപ്പിന്റെ പ്രവർത്തനങ്ങളും, ഉദ്ദേശ ലക്ഷ്യങ്ങളും

ഈ വകുപ്പ് സെക്രട്ടേറിയറ്റിലെ പട്ടികജാതി - പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കല, സംസ്ക്കാരം, ജീവിതരീതി, വിദ്യാഭ്യാസം മറ്റുമേഖലയിലുള്ള പുരോഗതി, വിഭവങ്ങളുടെ അന്യവൽക്കരണം, ദൈനംദിന ജീവിതപ്രശ്നങ്ങൾ ബൗദ്ധികസ്വത്തവകാശം എന്നിവയെപ്പറ്റി അടിസ്ഥാനപരമായി ഗവേഷണങ്ങൾ നടത്തി അവരുടെ സർവ്വതോന്മുഖമായ പുരോഗതിയെ മനസ്സിലാക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആസൂത്രണ രംഗത്ത് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുക, ഇത്തരം വികസന പ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും പട്ടികവിഭാഗ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥന്മാർക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സംസ്ക്കാരം, ജീവിതരീതി, അവരുടെ പുരോഗതി പ്രക്രിയയിലുള്ള പ്രശ്നങ്ങൾ എന്നിവയിൽ വേണ്ടത്ര അറിവ് നൽകുന്നതിനുതകുന്ന വിധത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്കും നേതാക്കൾക്കും സർക്കാറിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഭരണഘടന നൽകുന്ന പ്രത്യേകാ വകാശങ്ങളെയും സംരക്ഷണങ്ങളെയും കുറിച്ച് ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിലും നേതൃത്വ പരിശീലനം നൽകുക, ആദിവാസികളുടെ ചികിത്സാ സമ്പ്രദായത്തെക്കുറിച്ചു പഠിക്കുന്നതോടൊപ്പം അവർ ഉപയോഗിച്ചുവരുന്ന പച്ചമരുന്നുകൾ തിരിച്ചറിയുവാനും ശേഖരിക്കുവാനും ഉപയോഗിക്കുവാനും വിപണനം ചെയ്യുവാനും പട്ടികവർഗ്ഗ യുവാക്കൾക്ക് അവരുടെ മൂപ്പന്മാരുടെ സഹായത്തോടെ പരിശീലനം നൽകുക തുടങ്ങിയ പരിശീലന പരിപാടികളും; വികസനപദ്ധതികൾ എത്രകണ്ട് അവർക്ക് പ്രയോജന പ്രദമായിട്ടുണ്ടെന്ന് വിലയിരുത്തുക, അത്തരം പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ക്ഷേമപ്രവർ ത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിലയിരുത്തൽ പഠനങ്ങൾ നടത്തുക, അനർഹമായി പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കാനുള്ള പ്രവണതയോടെ ഇതരവിഭാഗക്കാർ നടത്തിവരുന്ന ജാതിമാറ്റ സമ്പ്രദായം അന്വേഷണവിധേയമാക്കി, അത്തരക്കാരെ നിരുൽസാഹപ്പെടുത്തുവാനും പുറത്താക്കാനും പഠനങ്ങൾ നടത്തുക, തുടങ്ങിയ ഗവേഷണ അധിഷ്ഠിത പ്രവർത്തനങ്ങളാണ് ഈ വകുപ്പ് ഏറ്റെടുത്ത നടത്തി 1996 ലെ കേരള (പട്ടികജാതി പട്ടികവർഗ്ഗ ) സമുദായ സർട്ടിഫിക്കറ്റ് ക്രമപ്പെടുത്തൽ ആക്ട് 11 അനുസരിച്ച് ഈവകുപ്പിലെ നരവംശ ശസ്ത്രവിഭാഗത്തെ ജാതി നിർണ്ണയത്തിന്റെ ഒരു വിദഗ്ധ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട് . പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, നൃത്തങ്ങൾ, കരകൗശല വൈദഗ്ധ്യം തുടങ്ങിയവ പരിപോഷിപ്പിക്കുക, ഗോത്ര സംസ്കാരം പ്രതിബിംബിപ്പിക്കുന്ന മ്യൂസിയം സജ്ജീകരിക്കുക തുടങ്ങിയവയും ഈ വകുപ്പിന്റെ പ്രവർത്തന മേഖലകളാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ വകുപ്പിലെ ഗവേഷണ വിഭാഗം,

പരിശീലനവിഭാഗം, വികസന പഠന വിഭാഗം, ഭാഷാ ശാസ്ത്ര വിഭാഗം എന്നീ മുഖ്യവിഭാഗങ്ങൾ വഴി നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നു.

**ഈ വകുപ്പിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നമ്പർ | തസ്തികകകളുടെ പേര് | ശമ്പള സ്കെയിൽ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| എ. ഗസറ്റഡ് തസ്തിക | | | |
| 1. | ഡയറക്ടർ | 42640 – 58640 | 1 |
| 2. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 22360-37940 | 1 |
| 3. | ഫിനാൻസ് ഓഫീസർ | 22360-37940 | 1 |
| 4. | ഡെപ്യൂട്ടി ഡയറക്ടർ ( ട്രെയിനിംഗ് ) | 24040-38840 | 1 |
| 5. | ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രോപ്പോളജി) | 24040-38840 | 1 |
| 6. | ഡെപ്യൂട്ടി ഡയറക്ടർ ( ഡവലപ്പ്മെന്റ് സ്റ്റഡീസ് ) | 24040-38840 | 1 |
| 7. | ലക്ചറർ (ആന്ത്രോപ്പോളജി/ സോഷ്യോളജി) | 20740-36140 | 3 |
| 8. | റിസർച്ച് ഓഫീസർ(ആന്ത്രോപ്പോളജി) | 20740-36140 | 7 |
| 9. | റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | 20740-36140 | 1 |
| 10. | കംപ്യൂട്ടർ ഓപ്പറേറ്റർ | 19240-34500 | 1 |
| | **ബി. നോൺ ഗസറ്റഡ് തസ്തിക** | | |
| 11. | സ്റ്റാറ്റിസ്റ്റിഷ്യൻ | 15380-25900 | 1 |
| 12. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | 14620-25280 | 3 |
| 13. | റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപ്പോളജി) | 14620-25280 | 5 |
| 14. | റിസർച്ച് അസിസ്റ്റന്റ് ( ലിംഗ്വിസ്റ്റിക്സ്) | 14620-25280 | 1 |
| 15. | കാർട്ടോഗ്രാഫർ | 14620-25280 | 1 |
| 16. | ലൈബ്രേറിയൻ ഗ്രേഡ് ‍ 3 | 14620-25280 | 1 |
| 17. | ക്യൂറേറ്റർ | 13210-22360 | 1 |
| 18. | ഇൻവെസ്റ്റിഗേറ്റർ((ആന്ത്രോപ്പോളജി/ സോഷ്യോളജി) | 11620-20240 | 6 |
| 19. | ജൂനിയർ സൂപ്രണ്ട് | 16180-29180 | 1 |
| 20. | യു.ഡി. ക്ലാർക്ക് | 13210-22360 | 2 |
| 21. | ടൈപ്പിസ്റ്റ് (സെലക്ഷൻ ഗ്രേഡ് ) | 14620-25280 | 1 |

| | | | |
|---|---|---|---|
| 22. | യു.ഡി. ടൈപ്പിസ്റ്റ് | 13210-22360 | 1 |
| 22. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 10480-18300 | 1 |
| 23. | എൽ.ഡി. ക്ലാർക്ക് | 9940-16580 | 3 |
| 24. | എൽ.ഡി. ടൈപ്പിസ്റ്റ് | 9940-16580 | 1 |
| 25. | ഡ്രൈവർ | 9190-15780 | 4 |
| 26. | മ്യൂസിയം അറ്റന്റന്റ് | 8730-13540 | 1 |
| 27. | റിക്കാർഡ് അറ്റന്റർ | 8730-13540 | 1 |
| 28. | പ്യൂൺ | 8500-13210 | 4 |
| 29. | വാച്ച്മാൻ | 8500-13210 | 1 |
| 30. | നൈറ്റ് വാച്ച്മാൻ | 8500-13210 | 1 |
| 31. | സ്വീപ്പർ .. കം.. വാച്ച്മാൻ | 8500-13210 | 1 |
| 32. | പാർട്ട് ടൈം.. സ്വീപ്പർ | 4850-7500 | 1 |
| | **ആകെ** | | **60** |

- റിപ്പോർട്ട് വർഷാവസാനം ഈ വകുപ്പിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| | തസ്തികയുടെ പേര് | | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ഡയറക്ടർ | : | 1 |
| 2. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | : | 1 |
| 3. | ഫിനാൻസ് ഓഫീസർ | : | 1 |
| 4. | ലക്ചറർ (ആന്ത്രോപ്പോളജി/സോഷ്യോളജി) | : | 3 |
| 5. | റിസർച്ച് ഓഫീസർ (ആന്ത്രോപ്പോളജി ) | : | 7 |
| 6. | റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | : | 1 |
| 7. | റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപ്പോളജി) | : | 2 |
| 8. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | : | 1 |
| 9. | റിസർച്ച് അസിസ്റ്റന്റ് (ലിംഗ്വിസ്റ്റ്) | : | 1 |

| | | | |
|---|---|---|---|
| 10. | ലൈബ്രേറിയൻ (ഗ്രേഡ് – III ) | : | 1 |
| 11. | സ്റ്റാറ്റിസ്റ്റിഷ്യൻ | : | 1 |
| 12. | ഇൻവെസ്റ്റിഗേറ്റർ (ആന്ത്രോപ്പോളജി/സോഷ്യോളജി): | | 5 |
| 13. | കാർട്ടോഗ്രാഫർ | : | 1 |
| 14. | ജൂനിയർ സൂപ്രണ്ട് | : | 1 |
| 15. | യു.ഡി. ക്ലാർക്ക് | : | 2 |
| 16. | ടൈപ്പിസ്റ്റ് ( സെ.ഗ്രേഡ്) | : | 1 |
| 17. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | : | 1 |
| 18. | എൽ.ഡി. ക്ലാർക്ക് | : | 2 |
| 19. | എൽ.ഡി. ക്ലാർക്ക് (സൂപ്പർ ന്യൂമററി) | : | 1 |
| 20. | എൽ.ഡി. ടൈപ്പിസ്റ്റ് | : | - |
| 21. | ഡ്രൈവർ | : | 4 |
| 22 | റിക്കാർഡ് അറ്റന്റർ | : | 1 |
| 23 | ഓഫീസ് അറ്റന്റന്റ് | : | 4 |
| 24 | സ്വീപ്പർ .. കം.. വാച്ച്മേൻ | : | 1 |
| 25. | പാർട്ട് ടൈം.. സ്വീപ്പർ | : | 1 |
| 26 | വാച്ച്മാൻ | : | 1 |
| 27 | നൈറ്റ് വാച്ച്മേൻ | : | 1 |

അനുവദിച്ച തസ്തികകൾ : 60

റിപ്പോർട്ട് വർഷാവസാനം നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം : 47

- സ്ഥിരം ജീവനക്കാർ : 47
- കരാർ ജീവനക്കാർ : ഇല്ല
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം : 1
- റിപ്പോർട്ട് വർഷത്തിൽ പി.എസ്.സി. വഴി നിയമനം : 2

- സമാശ്വാസ തൊഴിൽ പദ്ധതി : ഇല്ല
- റിട്ടയർമെന്റ് : ഇല്ല

റിപ്പോർട്ട് വർഷം ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ - 1, റിസർച്ച് അസിസ്റ്റന്റ് (ലിംഗ്വി സ്റ്റിക്സ് - 1, എന്നിവയടക്കം മൊത്തം 2 പേർക്ക് പി. എസ്. സി. വഴി നിയമനം നൽകി.

## നരവംശ ശാസ്ത്രവിഭാഗം 2014-2015

1996 ലെ ആക്ട് 11 പ്രകാരം ഗവേഷണ വിഭാഗത്തിലെ വിജിലൻസ് സെൽ സമുദായ നിർണ്ണയ പഠനങ്ങൾ നടത്തുന്നതിനും, സംശയാസ്പദമായതും മറ്റുമുള്ള പട്ടികജാതി പട്ടിക വർഗ്ഗ സമുദായ അവകാശവാദങ്ങൾ അന്വേഷിക്കുന്നതിനുമുള്ള വിദഗ്ധ ഏജൻസിയായി പ്രവർത്തിച്ചു വരുന്നു. ഈ ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയക്കു വേണ്ടിയും ബഹു.കേരള ഹൈക്കോടതിയിലും മറ്റുവരുന്ന ജാതി നിർണ്ണയ കേസുകളുടെ നരവംശശാസ്ത്ര പരമായ അന്വേഷണവും വിജിലൻസ് സെൽ നടത്തി വരുന്നു. കഴിഞ്ഞ വർഷം പൂർത്തിയാക്കിയ കേസുകളുടെ വിവരങ്ങൾ താഴെ നൽകുന്നു.

### സ്ക്രൂട്ടിനി കമ്മിറ്റി

1. ശ്രീ. ഇ. കെ പ്രസാദ്, Development Officer, LIC of India, Perinthalmanna എന്നവരുടെ പട്ടികജാതി തണ്ടാൻ അവകാശവാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (നമ്പർ വി 18/2009 തിയ്യതി 11/08/2014) സ്ക്രൂട്ടിനി കമ്മറ്റിക്ക് സമർപ്പിച്ചു.
2. ശ്രീമതി കനകരഞ്ജിനി മുതൽ പേരുടെ പട്ടികജാതി കാക്കാലൻ അവകാശവാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (നമ്പർ വി 43/2011 തിയ്യതി 08/12/2014) സ്ക്രൂട്ടിനി കമ്മറ്റിക്ക് സമർപ്പിച്ചു.
3. ശ്രീമതി ജെയ്സി ഫിലിപ്പ് എന്നവരുടെ പട്ടികവർഗ്ഗ ക്രിസ്ത്യൻ മലയരയൻ അവകാശ വാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (നമ്പർ വി 2573/2014 തിയ്യതി 17/10/2014) സ്ക്രൂട്ടിനി കമ്മറ്റിക്ക് സമർപ്പിച്ചു.
4. ശ്രീ. സാജു ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം എന്നവരുടെ പട്ടികവർഗ്ഗ ക്രിസ്ത്യൻ മലഅരയ അവകാശവാദം ശരിയാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് ( ഡി. 2874/2013 തിയ്യതി 13/08/2014) സ്ക്രൂട്ടിനി കമ്മിറ്റിക്ക് സമർപ്പിച്ചു.

5. ശ്രീ. എം.ആർ ശശി മുതൽ പേരുടെ പട്ടികജാതി ചക്ലിയൻ അവകാശവാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (നമ്പർ വി 28/2004 തിയ്യതി 17/05/2014) സ്ക്രൂട്ടിനി കമ്മറ്റിക്ക് സമർപ്പിച്ചു.
6. ശ്രീ. സുജിഷ് കൃഷ്ണബാബു, Assistant, LIC of India, Kalpetta എന്നിവരുടെ പട്ടികവർഗ്ഗ കുറുമൻ അവകാശവാദം ശരിയാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (നമ്പർ വി 3262/2014 തിയ്യതി 19/07/2014) സ്ക്രൂട്ടിനി കമ്മറ്റിക്ക് സമർപ്പിച്ചു.
7. ശ്രീ. ഇ സുരേന്ദ്രൻ, Conductor, KSRTC, Pattom, Thiruvananthapuram എന്നവരുടെ പട്ടികജാതി തണ്ടാൻ അവകാശവാദം ശരിയാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (നമ്പർ വി /2014 തിയ്യതി 19/07/2014) സ്ക്രൂട്ടിനി കമ്മറ്റിക്ക് സമർപ്പിച്ചു.
8. ശ്രീ. ബിജി മോൻ പി.ആർ എന്നവരുടെ പട്ടികജാതി പുലയ അവകാശവാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (വി 10/2012, തിയ്യതി 28/02/2015) സ്ക്രൂട്ടിനി കമ്മിറ്റിക്ക് സമർപ്പിച്ചു.
9. ശ്രീ. കാർത്തിക് എ.ആർ എന്നവരുടെ പട്ടികജാതി സാമ്പവർ അവകാശവാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (നമ്പർ വി 877/2014 തിയ്യതി 28/08/2014) സ്ക്രൂട്ടിനി കമ്മറ്റിക്ക് സമർപ്പിച്ചു.
10. കുമാരി ആരതി സുരേഷ് എന്നവരുടെ പട്ടികജാതി ചേരമർ അവകാശവാദം തെറ്റാണെന്നുള്ള നരവംശശാസ്ത്ര റിപ്പോർട്ട് (നമ്പർ വി 946/2014 തിയ്യതി 30/08/2014) സ്ക്രൂട്ടിനി കമ്മറ്റിക്ക് സമർപ്പിച്ചു.

<u>സ്ക്രീനിംഗ് കമ്മറ്റി</u>

<u>വിജിലൻസ് സെൽ തയ്യാറാക്കിയ സ്ക്രീനിംഗ് കമ്മിറ്റി കേസുകൾ</u>

| നമ്പർ | കോഴ്സ് | കേസുകളുടെ എണ്ണം | അർഹരായവർ | അനർഹരായവർ |
|---|---|---|---|---|
| 1. | മെഡിക്കൽ/എഞ്ചിനിയറിംഗ് | 1170 | 992 | 178 |
| 2. | പാരാമെഡിക്കൽ | 411 | 350 | 61 |
| 3. | പിജി മെഡിക്കൽ | 36 | 34 | 2 |
| 4. | എം.ഡി ആയുർവ്വേദം | 7 | 5 | 2 |
| 5. | എൽ.എൽ.ബി(LLB) (5 Year) | 15 | 11 | 4 |
| 6. | എം.എസ്.സി നേഴ്സിംഗ് (MSc Nursing) | 8 | 5 | 3 |
| 7. | എം.സി.എ (MCA) | 5 | 4 | 1 |
| 8. | ബി.എഡ് (Bed) | 146 | 103 | 43 |

| | | | | |
|---|---|---|---|---|
| 9. | എൽ.എൽ.എം (LLM) | 5 | 4 | 1 |
| 10. | എൽ.എൽ.ബി (3 Year) | 14 | 13 | 1 |
| 11. | പി.ജി സൂപ്പർ സ്പെഷ്യലിറ്റി (PG Super Specialty) | 2 | 2 | - |
| 12. | എം.ഡി.എസ് | 3 | 2 | 1 |
| Total | | 1822 | 1525 | 297 |

**ആകെ കേസുകളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.**

| ക്രമ നം. | ഇനം | തരം | ആകെ |
|---|---|---|---|
| 1 | ഗവൺമെന്റ് കത്തുകൾ, പിന്നോക്ക സമുദായ വികസന വകുപ്പ്, എസ്. ഡയറക്ടറേറ്റ്, എസ്.ടി. ഡയറക്ടറേറ്റ്, ട്രൈബൽ വെൽഫെയൽ ഓഫീസ്, സ്റ്റേറ്റ് കമ്മീഷൻ, ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ | | 40 |
| 2 | റവന്യൂ വകുപ്പ്, ഡിസ്ട്രിക്ട് കലക്ടർ, ആർ.ഡി.ഒ., ലാന്റ് റവന്യൂ കമ്മീഷണർ | | 6 |
| 3 | താലൂക്ക് ഓഫീസുകൾ | | 113 |
| 4 | സുപ്രീം കോടതി | | 1 |
| 5 | ഹൈക്കോടതി | | 12 |
| | താലൂക്ക് ലീഗൽ സർവീസ് | | 3 |
| 6 | മറ്റുള്ളവ | ലോകായുക്ത, ജനസമ്പർക്കം, സുതാര്യകേരളം, അട്രോസിറ്റീസ് ആക്ട് | 17 |
| | **ആകെ** | | **192** |

## പരിശീലന വിഭാഗം

## 2014-15 സാമ്പത്തിക വർഷത്തിൽ നടത്തിയ പരിശീലന പരിപാടികൾ

1. കേരളത്തിലെ പട്ടികവർഗ്ഗ സമുദായാംഗങ്ങൾക്കായുള്ള ഏകദിന ശില്പശാല 2014 ഒക്ടോബർ മാസത്തിൽ കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു.

2. അട്ടപ്പാടി കുറുമ്പ സമുദായാംഗങ്ങൾക്കായി പെയ്ന്റിംഗ് ശില്പശാല 2014 നവംബർ മാസത്തിൽ കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു.

3. കിർടാഡ്സും, ഐ.ജി. ആർ.എം.എസും സംയുക്തമായി സംഘടിപ്പിച്ച ചമയം II-ദേശീയ കലാകരകൗശലമേള 2014 ഡിസംബർ മാസത്തിൽ കിർടാഡ്സ് ക്യാമ്പസിൽ വെച്ച് നടത്തി.

4. ഡോ. ബി.ആർ. അംബേദ്ക്കർ സ്മാരക പ്രഭാഷണങ്ങൾ 11/1/2015 ൽ ചെമ്പുകടവ് യു. പി. സ്കൂളിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി.

5. ലഹരി വിമുക്ത ബോധവൽക്കരണ നാടകശില്പശാല കിർടാഡ്സ് ക്യാമ്പസിൽ വെച്ച് 2015 ജനുവരി 15 മുതൽ 19 വരെ സംഘടിപ്പിച്ചു.

6. കിർടാഡ്സ് ആന്വൽ പ്രസിദ്ധീകരിച്ചു.

7. ലഹരി വിമുക്ത ബോധവൽക്കരണ പരിശീലനപ പരിപാടിയും നാടകാവതരണവും ഫീൽഡ്തലത്തിൽ സംഘടിപ്പിച്ചു.
   a) വിലങ്ങാട് അടുപ്പിൽകെട്ടിൽ സങ്കേതം - 21/1/2015
   b) കോടഞ്ചേരി പഞ്ചായത്തിലെ പാത്തിപ്പാറകോളനി - 10/2/2015
   c) മുതുകാട് കുളത്തൂർ പുനരധിവാസകോളനി - 11/2/2015

8. 32-ാമത് തലയ്ക്കൽ ചന്തു സ്മാരക സംസ്ഥാനതല അമ്പെയ്ത്ത് മൽസരങ്ങൾ 2015 ജനുവരി 24 മുതൽ 26വരെ സുൽത്താൻബത്തേരി ഗവ. സർവ്വജന വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽവെച്ച് സംഘടിപ്പിച്ചു.

9. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം സംബന്ധിച്ച് നിർമ്മിക്കുന്ന ഡോക്യുമെന്ററിയുടെ സ്ക്രിപ്റ്റ് തയ്യാറാക്കി.

## ആദികലാകേന്ദ്രം

## 2014-2015 സാമ്പത്തിക വർഷത്തിൽ നടത്തിയ പരിശീലന പരിപാടികൾ

1. വയനാട് ജില്ലയിലെ പണിയസമുദായത്തിന്റെ കലാരൂപമായ പണിയ നൃത്ത പഠനകളരി 2014 ഒക്ടോബർ മാസം കിർടാഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു.

2. പൈതൃകോൽസവം- നാടൻ കലാമേള - പ്രദർശനവിപണന മേള 2014 ഡിസംബർ മാസത്തിൽ പത്തനംതിട്ട ജില്ലയിൽ വെച്ചും, 2015 മാർച്ച് മാസത്തിൽ തിരുവനന്തപുരം ജില്ലയിലെ സൂര്യകാന്തി എക്സിബിഷൻ ഗ്രൗണ്ടിൽ വെച്ചും സംഘടിപ്പിച്ചു.

## എത്നോളജിക്കൽ മ്യൂസിയം

2014-15 വർഷത്തിൽ കിർട്ടാഡ്സ് മ്യൂസിയം ഗോത്രവർഗ്ഗ സംസ്കാരപ്രദർശനം പ്രദർശിപ്പിച്ചതും സ്ക്കൂൾ കോളേജ് വ്യക്തികൾ എന്നിവ തരം തിരിച്ച് മ്യൂസിയം സന്ദർശിച്ചതിന്റെയും കണക്കുകൾ താഴെ പറയുന്നവിധമാണ്.

1. കൽപ്പനയിൽ വെച്ച് All India Trade Fair 4.4.2014 മുതൽ 15.4.2014 വരെ നടത്തി.
2. അഖിലേന്ത്യാ എക്സിബിഷൻ, പയ്യോളി
3. 'പൈതൃകോത്സവം' പത്തനംതിട്ട 22.12.2014 to 31.12.2014
4. അഗ്രികൾച്ചർ ഫെസ്റ്റിവെൽ. 10.1.2015 മുതൽ 17.1.2015 വരെ
5. 56--ാം സംസ്ഥാന സ്കൂൾ കലോത്സവം- കോഴിക്കോട്
6. ഡൽഹി നാഷണൽ ട്രൈബൽ ഫെസ്റ്റ് 2015.
7. 'പൈതൃകോത്സവം' തിരുവനന്തപുരം 2014 മാർച്ച് 11 മുതൽ 20 വരെ
8. രാഗം ഫെസ്റ്റ് 2015 NIT Kozhikode

## വികസന പഠന വിഭാഗം

### 2014-15 സാമ്പത്തികവർഷത്തിലെ പ്രവർത്തനങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളുടെ സാമൂഹിക സാംസ്കാരിക, രാഷ്ട്രീയ സാഹചര്യങ്ങളും അവരുടെ ജീവിതത്തെ മറ്റ് മേഖലകളെ ഉൾപ്പെടുത്തിക്കൊണ്ട് 2014-15 സാമ്പത്തിക വർഷം താഴെ പറയുന്ന പ്രവർത്തനങ്ങളാണ് വികസന പഠന വിഭാഗം ഏറ്റെടുത്ത് നടത്തിയത്.

1. 2014-15 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഗവേഷണ പഠനങ്ങളുടെ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചു.
2. സംസ്ഥാന ബാലാവകാശ കമ്മീഷന്റെ മീറ്റിംഗിന്റെ ഭാഗമായി അട്ടപ്പാടിയിൽ ഫീൽഡ്തല വിവരശേഖരണം നടത്തി.

3. തിരുവനന്തപുരം ജില്ലയിലെ കാണിക്കാർ സമുദായത്തിനുവേണ്ടി അഗ്രികൾച്ചറൽ കലണ്ടർ, ടീച്ചിംഗ് എയ്ഡ്സ് തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
4. ഇടുക്കി ജില്ലയിലെ മുതുവൻ സമുദായങ്ങൾ ഉൾപ്പെടുന്ന ഊരുകളുടെ വിവരങ്ങളും സ്ത്രീ പുരുഷ ജനസംഖ്യയും കിലയുടെ അടിസ്ഥാന ശേഖരണത്തിൽ നിന്നും തയ്യാറാക്കി സമർപ്പിച്ചു.
5. റിസർച്ച് അഡ്വൈസറി കൗൺസിൽ യോഗത്തിൽ ഡിപ്പാർട്ട്മെന്റിനെ പ്രതിനിധീകരിച്ചും പങ്കെടുത്തു.
6. വംശീയ വൈദ്യന്മാർക്കുള്ള ഗ്രാന്റ് വിതരണം 300 വൈദ്യന്മാരെ കണ്ടെത്തി ആ പദ്ധതി പൂർത്തീകരിച്ചു.
7. ന്യൂസ് ലെറ്റർ പ്രിന്റ് ചെയ്യുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ചെയ്തു.
8. Innovative Leisure & Entertainment Pvt. Ltd.,Biokdi, Bangalore, Karnataka സംഘടിപ്പിക്കുന്ന 3rd Handicraft and cultural village festival ന് സംസ്ഥാനത്തിലെ പട്ടികവർഗ്ഗ സമുദായംഗങ്ങളെ പങ്കെടുപ്പിക്കുന്നതിനുള്ള പ്രൊപ്പോസ്സൽ തയ്യാറാക്കി.
9. പ്ലാൻ സ്പെയ്സ് തിരുവനന്തപുരത്ത് വെച്ച് നടത്തിയ ക്ലാസിൽ വകുപ്പിനെ പ്രതിനിധീകരിച്ചു.
10. ഡൽഹിയിൽ നടന്ന ഇന്ത്യ ഇന്റർ നാഷണൽ ട്രേഡ് ഫെയറിൽ (ഐ.ഐ.ടി.എഫ്) വകുപ്പിനെ പ്രതിനിധീകരിച്ചു.
11. ജെ. ആർ. എഫ് നടത്തിയ പഠനങ്ങളുടെ പ്രസന്റേഷൻ സംഘടിപ്പിച്ചു.
12. തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലുൾപ്പെട്ട മറ്റത്തൂർ പഞ്ചായത്തിലെ വെള്ളിക്കുളങ്ങര വില്ലേജ് പരിധിയിൽ, മൈതാനം എന്ന സ്ഥലത്ത് താമസിക്കുന്ന പട്ടികവർഗ്ഗ മലയൻ സമുദാംയക്കാരുടെ ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് ഫീൽഡ്തല അന്വേഷണം നടത്തിയ റിപ്പോർട്ട് സമർപ്പിച്ചു.
13. നവംബർ 6 മുതൽ 8 തീയതികളിൽ അങ്കമാലിയിൽ വെച്ചു നടന്ന ഗ്ലോബൽ അഗ്രോമീറ്റിൽ അട്ടപ്പാടിയിലെ ഗോത്രവർഗ്ഗക്കാരുടെ തനത് ജൈവഭക്ഷ്യവിഭവങ്ങൾ, പാരമ്പര്യ മരുന്നുകൾ തുടങ്ങിയവരുടെ സ്റ്റാളുകൾ ഉൾപ്പെടുത്തി അഗ്രോമീറ്റിൽ പങ്കെടുത്തു.
14. ബാലാവകാശ കമ്മീഷൻ, പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽവെച്ചു നടത്തിയ മീറ്റിങ്ങിൽ വകുപ്പിനെ പ്രതിനിധീകരിച്ചു.
15. വയനാട് ജില്ലയിലെ മാനന്തവാടിയിൽ വെച്ചു നടത്തിയ അഖിലേന്ത്യ കാർഷിക പ്രദർശനമേളയുടെ സംഘടനയുമായി ബന്ധപ്പെട്ട യോഗത്തിൽ വകുപ്പിനെ പ്രതിനിധീകരിച്ചു.
16. 2015-16 വർഷത്തേക്കുള്ള പ്രെപ്പോസലുകൾ സമർപ്പിച്ചു.
17. 2015-16 വർഷത്തെ സി.എസ്. എസിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചു.
18. Preparation of the Scheduled tribes and other traditional Forest Dwellers (Recognition of Forest Rights Act 2006, in the language of the Muthuvan Community യുമായി ബന്ധപ്പെട്ട ശില്പശാല സംഘടിപ്പിച്ചു.
19. ജനസംഖ്യാകുറവുമായി ബന്ധപ്പെട്ടിട്ടുള്ള ലോക്സഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കി നൽകി.
20. ബാലാവകാശ കമ്മീഷൻ തിരുവനന്തപുരത്ത് വെച്ച് നടത്തിയ ശില്പശാലയിൽ വകുപ്പിനെ പ്രതിനിധീകരിച്ചു.
21. വയനാട് ജില്ലയിലെ മാനന്തവാടിയിൽ വെച്ച് നടത്തിയ നാഷണൽ അഗ്രിഫെസ്റ്റിൽ വകുപ്പിന്റെ സ്റ്റാളുകൾ സംഘടിപ്പിച്ചു.

22. 32-ാം മത് സംസ്ഥാനതല അമ്പെയ്ത്തു മത്സരം വയനാട് ജില്ലയിലെ മാനന്തവാടിയിൽ സംഘടിപ്പിക്കുന്നതിൽ പങ്കെടുത്തു.
23. അങ്കനവാടി ടീച്ചറുടെ നിയമനവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ ഡി 2014/14 ന്റെ അടിസ്ഥാനത്തിൽ ഫീൽഡ്തല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചു.
24. നാഷണൽ ട്രൈബൽ ഫെസ്റ്റിന്റെ വകുപ്പിന്റെ ഭാഗത്തുനിന്നും സംസ്ഥാനത്തിനെ പ്രതിനിധാനം ചെയ്യുന്ന സ്റ്റാളുകളും കലാമേളയിലും പങ്കെടുത്തു.
25. പട്ടികവർഗ്ഗ മന്ത്രാലയം പുതുച്ചേരിയിൽ വെച്ചു സംഘടിപ്പിച്ച കൺസൽട്ടേഷൻ ശില്പശാലയിൽ വകുപ്പിനെ പ്രതിനിധീകരിച്ചു.
26. വയനാട് ജില്ലയിലെ കുന്നോംപ്രദേശത്ത് വനാവകാശ നിയമവുമായി ബന്ധപ്പെട്ട ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിച്ചു.
27. വംശീയ വൈദ്യന്മാർക്കുള്ള ധനസഹായ വിതരണ പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള ഫീൽഡ്തല അന്വേഷണം നടത്താനുള്ള കാര്യങ്ങൾ നിർവ്വഹിച്ചു.
28. തിരുവനന്തപുരത്ത് വെച്ച് നടന്ന പൈതൃകോത്സവം 2015 ൽ വകുപ്പിന്റെ സ്റ്റാളുകൾ ഒരുക്കി.
29. Preparation of the Scheduled Tribes and other traditional Forest Dwellers (Recognition of Forest Rights Act 2006) in the language of the Muthuvan Community യുമായി ബന്ധപ്പെട്ട സില്പശാലയുടെ പ്രസിദ്ധീകരണം സംബന്ധിച്ചുള്ള തുടർപ്രവർത്തനങ്ങൾ തുടങ്ങി.
30. വയനാട്ടിൽ എത്നോമെഡിസിൻ സെന്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. അണ്ണൻ വൈദ്യർ സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട തുടർ നടപടികൾ നിർവ്വഹിച്ചു.
31. കൂത്തുപറമ്പിൽ വെച്ചു നടത്തുന്ന 'നിറവ്' പരിപാടിയിൽ വകുപ്പിന്റെ ഭാഗത്തുനിന്നും ഒരു നാടൻ കലാമേള അവതരിപ്പിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചു.
32. പാരമ്പര്യ ജ്ഞാനവും ജൈവവൈവിധ്യവും മന്നാൻ സമുദായത്തിൽ - ഒരു പഠനം' എന്ന റിപ്പോർട്ടിന്റെ 10 കോപ്പി പ്രസിദ്ധീകരിക്കുന്നതിന് നടപടി എടുത്തു.
33. ഭാഷാ ഗവേഷണ പഠനവുമായി ബന്ധപ്പെട്ട റിപ്പോർട്ടിന്റെ ആദ്യ ഡ്രാഫ്റ്റ് തയ്യാറാക്കി സമർപ്പിച്ചു.
34. സ്കൂൾ യുവജനോത്സവ വേദികളിൽ ഗോത്രവർഗ്ഗക്കാരുടെ തനത് കലകൾ അവതരിപ്പിക്കുന്നതിനായി കുട്ടികൾക്ക് പരിശീലനം നൽകുന്നതിലേയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി.
35. ബഹു. വകുപ്പ് മന്ത്രി പങ്കെടുത്ത ഏകദിന ശില്പശാലയോട് അനുബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കുവാനുള്ള കാര്യങ്ങൾ നിർവ്വഹിച്ചു.
36. സെസ്സിൽ നിന്നും ലഭിച്ച പി.ടി.ജി, ഹിൽപുലയ, മന്നാൻ, ഊരാളി സമുദായങ്ങളുടെ ജി.ഐ.എസ് റിപ്പോർട്ട് സമർപ്പിച്ചു.
37. അട്ടപ്പാടി ആദിവാസി വൈദ്യചികിത്സ പുനരുജ്ജീവന സംഘം സമർപ്പിച്ച പ്രൊജക്ടിനെക്കുറിച്ചുള്ള ഡ്രാഫ്റ്റ് തയ്യാറാക്കി.

## റിസർച്ച് ഫെല്ലോഷിപ്പ്

2014 - 2015 സാമ്പത്തിക വർഷത്തിൽ എട്ട് ജൂനിയർ റിസർച്ച് ഫെല്ലോമാരുടെ നിയമനം നടത്തിയതിൽ ഇപ്പോൾ 7 പേർ മാത്രമേ ഉള്ളൂ. കാസർഗോഡ് ജില്ലയിലെ മാവി

ലൻ, മലവേട്ടുവൻ, വയനാട് ജില്ലയിലെ പണിയൻ, മുള്ളുക്കുറുമൻ, തച്ചനാട് മൂപ്പൻ, കണ്ണൂർ ജില്ലയിലെ കുറിച്ച്യൻ, പണിയൻ, കരിമ്പാലൻ, പാലക്കാട് ജില്ലയിലെ ഇരുളർ, മുഡുഗർ, ഇരവാലൻ, ഇടുക്കി ജില്ലയിലെ മുതുവൻ, ഹിൽപുലയ, ഉള്ളാടൻ, മണ്ണാൻ, പള്ളിയൻ, ഊരാളി, തിരുവനന്തപുരം, കൊല്ലം ജില്ലയിലെ കാണിക്കാർ, മലവേടൻ, മലപ്പണ്ടാരം, നിലമ്പൂരിലെ കുറുമൻ, അരനാടൻ, കാട്ടുനായ്ക്കൻ, ചോലനായ്ക്കൻ എന്നീ സമുദായ പഠനങ്ങൾ നടത്തി. കാസർഗോഡ് ജില്ലയിലെ മാവിലൻ, വയനാട് ജില്ലയിലെ പണിയൻ, പാലക്കാട് ജില്ലയിലെ ഇരവാലൻ, മലസർ, ഇടുക്കി ജില്ലയിലെ മുതുവാൻ, ഊരാളി എന്നീ സമുദായങ്ങളിലെ വിഭവങ്ങൾ അന്യാധീനപ്പെടുന്നതിനെ കുറിച്ച് ഒരു ഡ്രാഫ്റ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇതിനു പുറമെ നരവംശ ശാസ്ത്ര പഠനങ്ങളിലും പരീശിലന വിഭാഗത്തിലും ഇവരുടെ സേവനം പ്രയോജനപ്പെടുത്തി. ഫെല്ലോഷിപ്പ് ഇനത്തിൽ റിപ്പോർട്ട് വർഷം മൊത്തം 6,77,000/- രൂപ ചിലവായി.

## കിർടാഡ്സ് ലൈബ്രറിയുടെ 2014 -15 വർഷത്തെ പ്രവർത്തനങ്ങൾ

കിർട്ടാഡ്സ് ലൈബ്രറിയിൽ നരവംശശാസ്ത്രം, ഭാഷാശാസ്ത്രം, ധനതത്ത്വശാസ്ത്രം, സാമൂഹ്യശാസ്ത്രം, നാടോടി വിജ്ഞാനീയം, സ്റ്റാറ്റിസ്റ്റിക്സ്, പട്ടികവർഗ്ഗ പഠനങ്ങൾ, വിദ്യാഭ്യാസം, ദളിത് പഠനങ്ങൾ, ചരിത്രം, മറ്റുവിവിധ വിഷയങ്ങളിലുള്ള റഫറൻസ് ഗ്രന്ഥങ്ങളടക്കം, വിപുലമായ പുസ്തകസഞ്ചയമുണ്ട്.

സ്ക്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിലുള്ള വിദ്യാർത്ഥികൾ, ഗവേഷകർ തുടങ്ങിയവർ തങ്ങളുടെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, ഉദ്യോഗസ്ഥർ ഔദ്യോഗിക ആവശ്യങ്ങൾക്കുമായി ലൈബ്രറി ഉപയോഗിക്കാറുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗമേഖലകളും വിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന കേരളത്തിലെയും, മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും, കൂടാതെ വിദേശികളും ലൈബ്രറി സന്ദർശിച്ച് ലൈബ്രറിയിലെ റഫറൻസ് സൗകര്യം വിനിയോഗിക്കാറുണ്ട്. 2014-15 വർഷത്തിൽ 251 പേർ റഫറൻസ് സൗകര്യം ഉപയോഗിക്കുയുണ്ടായി.

റിപ്പോർട്ട് വർഷാരംഭത്തിൽ 13,425 പുസ്തകങ്ങൾ ഉണ്ടായിരുന്നു. റിപ്പോർട്ട് വർഷത്തെ വാർഷിക പർച്ചേസിൽ വാങ്ങിയ പുസ്തകങ്ങളും, സംഭാവനയായി ലഭിച്ച പുസ്തകങ്ങളുമടക്കം 14,427 പുസ്തകങ്ങൾ റിപ്പോർട്ട് വർഷാവസാനത്തിൽ ലൈബ്രറിയിലുണ്ട്. കൂടാതെ ഇന്ത്യൻ, വിദേശജേണലുകളും, സൗജന്യമായി വരുന്ന ജേണലുകളുമടക്കം 45 ഓളം ജേണലുകളുമുണ്ട് ലൈബ്രറിയിൽ. ലൈബ്രറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായികഴിഞ്ഞു. റിപ്പോർട്ട് വർഷത്തിൽ പ്രമുഖ പബ്ലിക്കേഷൻസിന്റെ ഒരു പുസ്തകമേള കിർടാഡ്സിൽ സംഘടിപ്പിക്കുകയുണ്ടായി. 2014-15 സാമ്പത്തിക വർഷത്തിൽ 840 പുതിയ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് വാങ്ങിയിട്ടുണ്ട്.

## സാമ്പത്തിക നില

- **ഈ വകുപ്പ്** 1979 - 80 വർഷം മുതൽ 50% കേന്ദ്രസഹായ പദ്ധതിയിൽ പ്രവർത്തിക്കുന്നു. പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും ഈ വകുപ്പിന്റെ ചെലവുകൾ നിർവ്വഹിക്കുവാനായി തുക വക കൊള്ളിച്ചിട്ടുണ്ട്. 2013-14 വർഷത്തിൽ പ്ലാൻ ഇനത്തിൽ 130.00 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 215.51 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുകയുണ്ടായി. ഇതിനുപുറമെ ആദികലാകേന്ദ്രം പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിനത്തിൽ 35.00 ലക്ഷം രുപയും വക കൊള്ളിക്കുകയുണ്ടായി. കിർടാഡ്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ പ്ലാൻ ഇനത്തിൽ .01 ലക്ഷം രുപയും വക കൊള്ളിക്കുകയുണ്ടായി. G.O. (Rt) No. 5472/2014/Fin dated 15.07.14 പ്രകാരം ഹെഡ് ഓഫ് അക്കൗണ്ട് 2225 – 02 – 800 – 91 എന്നത് 2225 - 80-001-98 എന്നായി.

**2013 - 2014** വർഷത്തെയും **2014 - 2015** വർഷത്തെയും വകുപ്പിന്റെ ചെലവിലേയ്ക്കായി വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

| വർഷം | ഹെഡ് ഓഫ് അക്കൗണ്ട് | വകയിരുത്തിയ തുക (ലക്ഷത്തിൽ ) | | ചെലവായ തുക (ലക്ഷത്തിൽ ) | |
|---|---|---|---|---|---|
| | | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺപ്ലാൻ |
| 2013 - 14 | 2225 – 02 – 800 - 91 ഗവേഷണവും പരിശീലനവും പ്രത്യേക പരിപാടികളും (50% സി.എസ്.എസ്) | 130.00 | 215.51 | 60.39 | 166.71 |
| | 2225 – 02 – 800 - 56 ആദികലാ ഗ്രാമം | 35.00 | -- | 33.24 | -- |
| | 2225 - 02 – 800 – 27 അടിസ്ഥാന സൗകര്യങ്ങൾ | .01 | -- | -- | -- |
| 2014 - 15 | 2225 – 02 – 800 - 91 ഗവേഷണവും പരിശീലനവും പ്രത്യേക പരിപാടികളും | 140.00 | 227.16 | 100.39 | 178.00 |

| | | | | | |
|---|---|---|---|---|---|
| | (50% സി.എസ്.എസ്) | | | | |
| | 2225 – 02 – 800 - 56<br>ആദികലാ ഗ്രാമം | 35.00 | -- | -- | -- |
| | 2225 - 02 – 800 – 27<br>അടിസ്ഥാന സൗകര്യങ്ങൾ | .01 | -- | -- | -- |

- **2014 - 2015 പ്ലാൻ & നോൺപ്ലാൻ ചെലവുകൾ**

**2225 - 80-001-98 (50%** കേന്ദ്ര സഹായം**), 2225-80-001-99** ഗവേഷണവും പരിശീലനവും പ്രത്യേകപരിപാടികളും

| ശീർഷകം | ബജറ്റിൽ വകയിരുത്തിയ | | ചെലവായ തുക | |
|---|---|---|---|---|
| | ( രൂപ ലക്ഷത്തിൽ ) | | | |
| | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺ പ്ലാൻ |
| **01 -** ശമ്പളം (അലവൻസുകളടക്കം) | **--** | **211.06** | **--** | **174.08** |
| **02 -** വേതനം | | **1.18** | | **1.26** |
| **04 -** യാത്രാചെലവുകൾ | **2.70** | **1.76** | **2.49** | **1.43** |
| **05 -** ഓഫീസ് ചെലവുകൾ | **2.50** | **.79** | **2.47** | **.72** |
| **06 -** വാടക,കരം,നികുതി മുതലായവ | | **.41** | | **.41** |
| **21-** 1. വാഹനം വാങ്ങിക്കൽ | **--** | **--** | **-** | **-** |
| 2. അനുകുനുപണികളും സംരക്ഷണവും | **2.40** | **.35** | **.57** | **-** |
| **34-** മറ്റു ചെലവുകൾ | **20.00** | **-** | **17.21** | **-** |
| **45-** പി. ഓ. എൽ | **2.50** | **0.10** | **1.74** | **0.10** |
| **90-** റിസർച്ച് പ്രോഗ്രാം | **62.90** | **-** | **38.05** | **-** |
| **91-** ട്രെയിനിംഗ് പ്രോഗ്രാം | **47.00** | **-** | **37.86** | **-** |
| ആകെ | **140.00** | **227.16** | **100.39** | **178.00** |

| | | | | |
|---|---|---|---|---|
| **2225 -02 – 800 - 56** | പ്ലാൻ | | | |
| ആദികലാഗ്രാമം | **35.00** | **--** | **31.82** | **--** |
| **2225 - 02 – 800 – 27** | | | | |
| അടിസ്ഥാന സൗകര്യങ്ങൾ | **0.01** | | **--** | |

- **ഈ വകുപ്പ് സാമ്പത്തിക സഹായം /കടം ഒന്നും തന്നെ നൽകുന്നില്ല.**

- ഈ വകുപ്പിൽ ടാക്സ് / ടാക്സേതര വരുമാനങ്ങളൊന്നും തന്നെയില്ല.

- പദ്ധതിയിനത്തിൽ 50% കേന്ദ്രവിഹിതത്തിൽ പ്രവർത്തിക്കുന്ന ഈ വകുപ്പിന്2014-15 വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം രൂ. 50.19 ലക്ഷം രൂപയാണ്. പ്രസ്തുത വർഷം കേന്ദ്രവിഹിതം ലഭിച്ചിട്ടില്ല.

- 1. ഗ്യാരന്റീയിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ പദ്ധതിയുടെ **സ്പെഷ്യൽ ടി.എസ്.ബി.** അക്കൗണ്ട് നമ്പർ 5501 , 2013 - 14 സാമ്പത്തിക വർഷത്തിൽ 40,20,065/- രൂപ ബാക്കിയുണ്ട്.

    - കേന്ദ്രസർക്കാറിൽ(മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ്) നിന്നും ഫണ്ട് ലഭിക്കുന്നതിനായി ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം. 32196233829 ഉണ്ട്.

- 2014 - 15 സാമ്പത്തിക വർഷത്തിലെ ഈ വകുപ്പിന്റെ റീ കൺസിലേഷൻ സർട്ടിഫിക്കറ്റുകൾ മുഴുവൻ എക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

## വിവരാവകാശ നിയമം

| | | |
|---|---|---|
| പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ | : | ശ്രീ. മോഹനകുമാർ. എസ്<br>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>കിർടാഡ്സ്, കോഴിക്കോട് – 17 |
| അസിസ്റ്റന്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ | : | ശ്രീ. കെ.പി.അബ്ദുറഹിമാൻ<br>ജൂനിയർ സൂപ്രണ്ട്<br>കിർടാഡ്സ്, കോഴിക്കോട് – 17 |
| അപ്പലറ്റ് അതോറിറ്റി | : | ഡോ. ബിന്ദു. എസ്.<br>ഡയറക്ടർ<br>കിർടാഡ്സ്, കോഴിക്കോട് – 17 |

- ലഭിച്ച കേസുകൾ : 125

| | | |
|---|---|---|
| തീർപ്പുകൽപിച്ച കേസുകൾ | : | 125 |

- പിഴ ഈടാക്കിയ കേസുകൾ : ഇല്ല
- സുവോ മോട്ടോ പരസ്യപ്പെടുത്തിയത് : ഇല്ല
- സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ തീർപ്പാകാനുള്ള കേസുകൾ : ഇല്ല
- സേവനാവകാശ നിയമപ്രകാരം ലഭിച്ച കേസുകൾ : ഇല്ല.

ഡയറക്ടർ
കിർടാഡ്സ്, കോഴിക്കോട് .

എസ്.എൻ./ 18 .06.15